**പതിമൂന്നാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1964** **07.12.2015 ൽ മറുപടിയ്ക്ക്**

**ടെക്നോളജി ഇന്നവേഷൻ ഫണ്ട്**

| **ചോദ്യം**<br>**ശ്രീ. എളമരം കരീം** | | **ഉത്തരം**<br>**ശ്രീ.ഉമ്മൻ ചാണ്ടി**<br>**(മുഖ്യമന്ത്രി)** |
|---|---|---|
| (എ) കെട്ടിട നിർമ്മാണ മേഖലയിലെ നൂതന പരീക്ഷണങ്ങൾ ത്വരിതപ്പെടുത്തുന്നതിനു വേണ്ടി 2012-13-ലെ സംസ്ഥാന ബഡ്ജറ്റിൽ രൂപീകരിക്കുമെന്ന് പ്രഖ്യാപിച്ചിരുന്ന ടെക്നോളജി ഇന്നവേഷൻ ഫണ്ട് രൂപീകരിച്ചിട്ടുണ്ടോ ; | (എ) | ഇല്ല |
| (ബി) ഇതിലേക്ക് 2012-13 ൽ എത്ര തുക വകയിരുത്തിയിരുന്നു; എത്ര തുക അനുവദിച്ചു; എത്ര തുക പിൻവലിക്കാതെ അവശേഷിക്കുന്നു;<br>(സി) ഈ ഫണ്ട് ഏതെല്ലാം ഇനത്തിലാണ് വിനിയോഗിച്ചത്; ഇതുമൂലം കെട്ടിട നിർമ്മാണ മേഖലയ്ക്കുണ്ടായ നേട്ടങ്ങൾ എന്തെല്ലാം ; | (ബി) യും (സി) യും | 2012-2013 ലെ പുതുക്കിയ ബഡ്ജറ്റ് എസ്റ്റിമേറ്റിൽ ടോക്കൺ തുകയായി 1000 രൂപ വകയിരുത്തിയിരുന്നു. |
| (ഡി) തുടർന്നുള്ള ബഡ്ജറ്റുകളിൽ ഇതിലേയ്ക്കായി തുക വകയിരുത്തിയിരുന്നോ; എങ്കിൽ എത്ര വീതം; ഇതിൽ എത്ര വീതം അനുവദിച്ചു; എത്ര വീതം പിൻവലിക്കാതെ അവശേഷിക്കുന്നു; വ്യക്തമാക്കാമോ ? | (ഡി) | 2013-2014 ലെ ബഡ്ജറ്റിൽ ടെക്നോളജി ഇന്നവേഷൻ ഫണ്ടിലേക്ക് 59 ലക്ഷം രൂപയും, 2014-15 ൽ 70 ലക്ഷം രൂപയും, 2015-16 ൽ 70 ലക്ഷം രൂപയും വകയിരുത്തിയിരുന്നെങ്കിലും പ്രസ്തുത പദ്ധതി, പുതുതായി രൂപീകരിക്കുന്ന കേരള സ്റ്റേറ്റ് ഹൗസിംഗ് ഡവലപ്പ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്നതിനാലും പ്രസ്തുത കോർപ്പറേഷൻ പൂർണ്ണരൂപത്തിൽ പ്രവർത്തനക്ഷമമായിട്ടില്ലാത്തതിനാലും ഇതിലേക്ക് തുകയൊന്നും അനുവദിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**